കേരള സർക്കാർ

**ലൈഫ് മിഷൻ**

Livelihood Inclusion and Financial Empowerment

ലൈഫ് മിഷൻ കാര്യാലയം, നവകേരളം കർമ്മപദ്ധതി, ബിഎസ്എൻഎൽ ഭവൻ, മൂന്നാം നില, ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം. പിൻ 695 001,
ഫോൺ : 0471 -2449939, Website : www.lifemission.kerala.gov.in, E-mail : lifemissionkerala@gmail.com

എൽ.എഫ്/02/2017/ലൈഫ്/വെഹിക്കിൾ

തീയതി 14.10.2022

## ക്വട്ടേഷൻ നോട്ടീസ്

ലൈഫ് മിഷൻ സംസ്ഥാന ഓഫീസിലെ ഉപയോഗത്തിനായി Ertiga/Dezire/Amaze എന്നീ വിഭാഗത്തിൽപ്പെടുന്ന ഒരു വാഹനം മാസവാടക കരാറിൽ ആവശ്യമുണ്ട്. വാഹനം 2019 മോഡലോ അതിന് ശേഷമോ ഉള്ള വാഹനം ആയിരിക്കണം. വാഹനവും ഡ്രൈവറും ഇന്ധനവും മറ്റ് എല്ലാവിധ നികുതികളും ഉൾപ്പെടെ പ്രതിമാസം 2000 കി.മി ദൂരം ഓടുന്നതിനുള്ള നിരക്കും അധികരിക്കുന്ന ഓരോ കി. മീറ്ററിനുമുള്ള അധിക നിരക്കും രേഖപ്പെടുത്തേണ്ടതാണ്. ഓരോ മൂന്ന് മാസം കൂടുമ്പോൾ മാത്രമാകും അധിക കി.മി ക്രമീകരിക്കുക. കരാർ പ്രകാരം 3 മാസത്തെ കി.മീറ്ററിൽ അധികരിക്കുന്ന ദൂരത്തിന് അധിക നിരക്ക് അനുവദിക്കുന്നതായിരിക്കും. താൽപര്യമുള്ള വ്യക്തികൾ/ ഏജൻസികൾ മുദ്രവെച്ച ക്വട്ടേഷനുകൾ 21.10.2022 വെള്ളിയാഴ്ച പകൽ മൂന്ന് മണിക്കകം സ്റ്റാച്യു ഉപ്പളം റോഡ് ബി.എസ്.എൻ.എൽ. ഭവനിലെ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഓഫീസിൽ സമർപ്പിച്ചിരിക്കണം. ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം തന്നെ ഹാജരായിട്ടുള്ളവരുടെ സാന്നദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ക്വട്ടേഷൻ അംഗീകരിക്കുന്ന പക്ഷം 200 രൂപ മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിൽ കരാർ വയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവൃത്തി സമയത്ത് ലൈഫ് മിഷൻ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ലൈഫ് മിഷൻ